കണ്ണൂർ ഫോറസ്റ്റ് ഡിവിഷൻ അന്വേഷണ റിപ്പോർട്ട്

94 [646] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02, 2002-03, 2003-04 എന്നീ സാമ്പത്തിക വർഷങ്ങളിൽ കണ്ണൂർ ഫോറസ്റ്റ് ഡിവിഷന് കീഴിൽ നടന്നിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർ ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പ്രവർത്തികളിൽ എന്തൊക്കെ ക്രമക്കേടുകൾ നടന്നുവെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ക്രമക്കേടുകൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 26-9-2005-ലെ 8867/എ1/05/വനം നമ്പർ പ്രകാരം സർക്കാരിൽ നിന്നും കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ 30-11-2005-ലെ ബി1/199/25/05 നമ്പർ പ്രകാരം കീഴ്ജീവനക്കാർക്ക് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും കുറ്റപത്രം നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്ക് ധനസഹായം

95 [647] ശ്രീ. ടി. എൻ. പ്രതാപൻ :
,, എം. എ. വാഹീദ് :
,, പി. ജെ. ജോയി:
,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങളുടെ ആക്രമണംമൂലം ഗുരുതരമായ പരുക്കുകൾ ഉണ്ടാകുന്നവർക്കും മരണമടയുന്നവരുടെ ആശ്രിതർക്കും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ എന്തെല്ലാം സാമ്പത്തിക സഹായങ്ങൾ ചെയ്തുവരുന്നു ;

(ബി) ഏതെല്ലാം വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരിക്കുന്നവരുടെ ആശ്രിതർക്കും പരിക്കുപറ്റുന്നവർക്കുമാണ് യാതൊരു ആനുകൂല്യങ്ങളും കേന്ദ്ര ഗവൺമെന്റ് നൽകാത്തതെന്ന് പറയുമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly